21-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

കനാന്യസ്ത്രീയുടെ ശാപം നീക്കുവാൻ സമയം ആയിട്ടില്ലായെങ്കിലും അവളുടെ 'കർത്താവേ! ദാവിദുപുത്രാ കരുണ തോന്നേണമെ' എന്ന പ്രാർത്ഥനയും ശിഷ്യന്മാരുടെ അപേക്ഷയും യേശുവിന് ഒന്നു നിൽക്കുവാൻ തോന്നിയെങ്കിലും മക്കളുടെ അപ്പം നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് നന്നല്ലായെന്നു പറഞ്ഞ് തിരിഞ്ഞു നടക്കുവാൻ തുടങ്ങി. എന്നാൽ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ മതിയെന്ന് സ്ത്രീ പറയുമ്പോൾ, അവളുടെ വിശ്വാസം വലിയത് എന്ന് പറഞ്ഞ് അവളുടെ മകൾക്ക് സൗഖ്യം കൊടുക്കുന്നു. നമ്മുടെ ജീവിതത്തിലെ ശാപങ്ങൾ നമ്മുടെ സൗഖ്യത്തിന് തടസ്സമാണ്. അത് തിരിറിഞ്ഞ് ദൈവത്തിന്റെ സന്നിധിയിൽ സ്വയം സമർപ്പിച്ച് കരുണ തോന്നേണമെയെന്ന് അപേക്ഷിക്കണം. കൂടാതെ, നമ്മുടെ ഇപ്പോഴത്തെ ജീവിതത്തിലെ പ്രവൃത്തികൾ / ചിന്തകൾ ശാപത്തിനോ ദോഷത്തിനോ ഇടയാകുന്നുണ്ടോയെന്ന് പരിശോധിക്കണം. വിശ്വാസം വർദ്ധിപ്പിക്കാനായി വചനത്തെ ധ്യാനിച്ച്, കർത്താവിനെ രുചിച്ചറിയുവാൻ നമുക്ക് ശ്രമിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

ബിജോയ് ശാമുവേൽ അബുദാബി

1 Samuel 7:10-17; Haggai 1:7-11; Isaiah 56:2-5; Acts 20:22-32; Romans 7:14-25; St. Mathew 15:21-31; St. Mark 7:24-37; St. Luke 7:1-10

വലിയ നോമ്പ് 2017